ണ്ടെങ്കിൽ അന്നത്തെ തീരുമാനം ലംഘിക്കുകയില്ലായിരുന്നു. മാനേജ്മെന്റ് പറയുന്നതുമാത്രമാണ് ശരി എന്നു വിശ്വസിച്ചുകൊണ്ട് തൊഴിലാളികളുടെ ഭാഗത്തെ സമീപിക്കുന്നതു ശരിയല്ല. ഏഴാം തീയതിതന്നെ ഈ പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാക്കുന്നതിനു മാനേജ്മെന്റിനെ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്.

പിന്നെ കുറെ ആളുകളെ പോലീസ് അവിടെനിന്നും നീക്കി എന്നു പറഞ്ഞു. അവിടെ പത്തു തൊണ്ണൂറു ആളുകളുടെമേൽ പോലീസ് ബല പ്രയോഗം നടത്തി. അതിന്റെ ഫലമായി അഞ്ചോ പത്തോ പേർ ആശുപത്രിയിൽ പ്രവേശിക്കയുണ്ടായി. അപ്പോഴും ആളുകളെ അവിടെനിന്നും നീക്കി എന്നു പറയുന്നതിൽ അർത്ഥമില്ല.

Shri T. C. Narayanan Nambiar : Sir, reference was made by the hon. Minister regarding my statement. In this connection, I want to make that point clear.

ബഹുമാനപ്പെട്ട മന്ത്രി കണ്ണീരുംകൈയുമായിക്കഴിയുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞ ആ വാക്കുകൾ മിസ്കോട്ട് ചെയ്യുകയാണ് എന്നു പറയേണ്ടിവന്നതിൽ എനിക്ക് വ്യസനമുണ്ട്. പരമാർത്ഥത്തിൽ ഈ കളപ്പുറം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിൽ നാൽ ഉണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന വസ്തുക്കൾ എടുത്തുകൊണ്ടു പോകുകയാണുണ്ടായതു്. ലേബർ കമ്മീഷണറുടെ തീരുമാനത്തിനുശേഷം മിൽ ഉടമ കോടതിയിൽപോയിട്ട് കോടതിയും പറഞ്ഞിട്ടുള്ളതു്, തൊഴിലാളികളുടെ ഭാഗത്താണ് ന്യായം എന്നാണ്. അതിനുശേഷം ഗവണ്മെന്റിന്റെ ലേബർകമ്മീഷണർതന്നെ ആവശ്യപ്പെട്ട കാര്യങ്ങളെ മാനിക്കാതെയാണ് അവിടെ ഈ സംഭവങ്ങൾ നടന്നിട്ടുള്ളതു്. ഇതു വളരെ ആക്ഷേപാർഹവും അപലപനീയവുമായിട്ടുള്ള ഒരു പ്രവൃത്തിയാണ്. ഒരിക്കലും ഇതു അംഗീകരിക്കത്തക്കതല്ല. അവിടെ ഇപ്പോഴും സത്യഗ്രഹം നടക്കുകയാണ്.

Mr. Speaker : Since the matter is going to be considered by the parties on the 7th, instant, I withhold consent to the moving of the adjournment motion.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

Non-Payment of rebate to weaving Co-operatives.

Mr. Speaker : I have received a notice under Rule 61 from Shri T. C. Narayanan Nambiar. I call upon the hon. Member to make a statement.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, കേരളത്തിലെ തുണിവ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു മേഖലയാണ് കോവാപ്പറേറീവ് സെക്ടർ. അതിൽ ഒരു ലക്ഷത്തി ഇരുപതിനായിരത്തിലധികം തറികൾ ഇന്നിവിടെ ഉണ്ടെങ്കിലും പരസ്പരസഹായമേഖലയിൽ 48000 തറികൾ മാത്രമെ വന്നിട്ടുള്ള. മിൽ വസ്ത്രങ്ങളുമായി കൈത്തറിത്തുണികൾ മത്സരിക്കുവാൻ സാദ്ധ്യമല്ല. ഈ മത്സരത്തിന്റെ അന്തിമഫലം കൈത്തറി വ്യവസായം നശിച്ചുപോകുമെന്നുള്ളതാണ്. അതിന്റെ ഫലം വളരെ ദൂരവ്യാപകവും നമ്മുടെ രാജ്യത്തെ സാരമായി ബാധിക്കുന്നതുമാണ്. അതുകൊണ്ട് ഹാൻഡ്ലൂമിനെ നിലനിറുത്തുന്നതിനുവേണ്ടി ഒരു സഹായം എന്നുള്ള നിലയിൽ കൈത്തറിത്തുണികൾ വിൽക്കുന്നതിനു റിബേറ്റ് എന്ന പേരിൽ കുറെ സംഖ്യ അനുവദിച്ചു കൊടുക്കുന്നതിനാണ് ഇൻഡ്യാ ഗവണ്മെന്റും അഖിലേൻഡ്യാ കൈത്തറി ബോർഡും തീരുമാനിച്ചിട്ടുള്ളതു്. അതനുസരിച്ചു ആദ്യമായി ചെയ്തതു് തുണികൾ കെട്ടിക്കിടക്കുന്ന സഹകരണസംഘങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സഹായംചെയ്യുക എന്നുള്ളതുമാത്രമായിരുന്നു. അതുപോലെതന്നെ ചിലപ്രത്യേക സ്ഥലങ്ങളിൽ സൂക്ഷിച്ചിരുന്ന തുണികൾ വിൽക്കുന്നതിനു പ്രേരണ നൽകുന്നതിനും നിശ്ചയിച്ചിരുന്നു. അതിനു അവശ്യം വേണ്ട എന്തെല്ലാം നടപടികൾ എടുക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി പര്യാലോചിക്കാൻ നിയുക്തമായ ഒരു കമ്മിറ്റി പല നിർദ്ദേശങ്ങളും അതിലേക്കുവേണ്ടി വച്ചുകയുണ്ടായി എങ്കിലും നിർഭാഗ്യവശാൽ മറ്റു പല സങ്കീർണ്ണപ്രശ്നങ്ങളും പൊന്തിവരികയുണ്ടായി. ഉദാഹരണത്തിനു പുതിയ ടെക്നിക്കു് ഉപയോഗിച്ചു് നന്നായിട്ടു് തുണിത്തരങ്ങൾ ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ടും, എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കാൻ ഇടയായി എന്നുള്ളതുകൊണ്ടും പ്രയാസമുണ്ടായി. ഏതായാലും അപ്പോൾ രോഗം മരുന്നായി എന്നു പറയുന്നതുപോലെ, അങ്ങനെ സങ്കീർണ്ണത ഉണ്ടാകുമെന്നു കണ്ടപ്പോൾ ഈ റിബേറ്റു് നൽകുക എന്നുള്ളതു് ഗവണ്മെൻറു് അംഗീകരിക്കുകയാണു ചെയ്തതു്. ആദ്യം അതു് ഒരു രൂപയ്ക്കു് ഒന്നര അണ കണ്ടു് കൊടുത്തിരുന്നു. പിന്നീടു് അതു് ആറു നയാപൈസയായി കുറച്ചു. ഇപ്പോൾ അതു് അഞ്ചു നയാ പൈസ കണ്ടു കൊടുക്കണം എന്നാണു് നിർദ്ദേശം. എന്നാൽ ഇവിടെ ആ കൊടുക്കേണ്ട സംഖ്യ തന്നെ ഗവണ്മെൻറു് കേരളത്തിലെ പല സൊസൈറ്റികൾക്കും കണ്ണൂർ ജില്ലയെ സംബന്ധിച്ചു് എനിക്കു് വ്യക്തമായി അറിയാം, അതിന്റെ പേരും നമ്പരും വരെ വേണമെന്നുണ്ടെങ്കിൽ പറയാം——ഈ കഴിഞ്ഞ ഒരു വർഷമായി ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. സൊസൈറ്റികളിൽ നെയ്യുവരുന്നതായ തുണി വിറ്റഴിക്കാൻ സാധിച്ചില്ല എന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം മുതൽ കെട്ടിക്കിടക്കുന്നു എന്നാണു്. അതിന്റെ ഫലമായി വീണ്ടും അവർക്കു നൂൽ എടുക്കാൻ സാധിക്കുന്നില്ല. അങ്ങനെ നൂൽ എടുക്കാൻ സാധിക്കാത്തതിന്റെ ഫലമായി ആയിരക്കണക്കിനു നെയ്ത്തു തൊഴിലാളികൾ ഇന്നു ജോലിയില്ലാതെ കണ്ണീരുംകൈയുമായിട്ടാണു ജീവിക്കുന്നതു്.

സർ, ഇത്തരത്തിലുള്ള ഒരു പ്രശ്നം 1957–58 ആണ്ടുകളിലുണ്ടായിരുന്നു. അന്നും ഇതുപോലെ പല സൊസൈറ്റികൾക്കും പണം സമയത്തിനു കൊടുക്കാൻ സാധിച്ചില്ല. അന്നു അതിനുവേണ്ടി നീക്കിവച്ചിരുന്ന സംഖ്യ വളരെ തുഛമായിരുന്നു. അന്നു് അതിലേക്കു് ഗവണ്മെൻറു് കേരളാ കണ്ടിജൻസി ഫണ്ടിൽനിന്നും ഇരുപതുലക്ഷം രൂപയെടുത്തു വിതരണം ചെയ്തു. അഖിലേൻഡ്യാ ഹാൻറുലൂം ബോർഡിനെ അറിയിച്ചതിന്റെ ഫലമായി അവർ യഥാസമയം നടപടികൾ പൂർത്തിയാക്കാതിരുന്നതുകൊണ്ടു് അന്നു വളരെ ദുരിതപൂർണ്ണമായ ജീവിതത്തിലാണു കൈത്തറിത്തൊഴിലാളികൾ ആണ്ടുപോയിട്ടുള്ളതു്. അതിനുശേഷം ഇന്നിതുവരെ തുടർന്നു നടത്തേണ്ടതായ നടപടികൾ ഇനിയും എടുത്തിട്ടില്ലാ എന്നാണു് അറിയുന്നതു്. അതുകൊണ്ടു് ഈ കെട്ടിക്കിടക്കുന്ന മുതൽ വിറ്റഴിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായിട്ടു് എടുക്കണം. ഇതിലേക്കു് 1961–62-ൽ 13,24,644 രൂപയും, 1962–63-ൽ 1,35,000 രൂപയുമാണു് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതു്. എന്നാൽ ഈ വർഷം 120,00,00 രൂപ മാത്രമാണു് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതു്. എനിക്കു കിട്ടിയ വിവരം അനുസരിച്ചു് എട്ടു ലക്ഷത്തിലധികം രൂപ അഞ്ചു മാസത്തിനുള്ളിൽ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇനിയും ആറേഴു മാസംകൂടിയുണ്ടു്. അതു് മാത്രമല്ല ഈ പണം കൊടുക്കാത്ത സൊസൈറ്റികളും ധാരാളമുണ്ടു്. അപ്പോൾ വാസ്തവത്തിൽ പണംപോരാതെ വരും. അതിലേക്കു് കണ്ടിൻജൻസി ഫണ്ടിൽ നിന്നും പണം എടുത്തു വിതരണം ചെയ്യുന്നതിനുള്ള നടപടി ഈ ഗവണ്മെൻറു് എടുക്കണം. ഇൻഡ്യാ ഗവണ്മെൻറിനേയും അഖിലേൻഡ്യാ ഹാൻറുലൂം ബോർഡിനേയും അറിയിക്കുന്നതിനുവേണ്ട നടപടികളും എടുക്കുകയുംചെയ്യണം. അതിനിടയിൽ ഈ ഗവണ്മെൻറു് കണ്ടിൻജൻസി ഫണ്ടിൽനിന്നും പണം എടുത്തു അടിയന്തിരമായി ഈ സൊസൈറ്റികൾക്കു് കൊടുക്കണം. ഈ നടപടി ഗവണ്മെൻറു് എടുക്കാത്തപക്ഷം 48,000 തറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഉം കൊള്ളുന്ന സൊസൈറ്റികളുടെ പ്രവർത്തനം ഇന്നു് സ്തംഭനാവസ്ഥയിലായി ത്തീരുന്നതാണു്. കണ്ണൂർ ജില്ലയിൽ ഇരുപതിനായിരം മുതൽ മുപ്പതിനായിരം

LIBRARY ARCHIVES Kerala Legislative Assembly

വരെ ശ്രമ അരിയേഴ്സായി ചില സൊസൈറ്റികളിൽ കിടപ്പുണ്ട്. അതു കൊണ്ടു് അതിനുള്ള കാരണമെന്താണു്, അതിന്റെ നിവാരണ മാർഗ്ഗത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ, അഖിലേൻഡ്യാ ഹാൻഡ്ലൂം ബോർഡിനു ഈ പണം എന്നത്തേക്കു കൊടുക്കാൻ സാധിക്കും എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇപ്പോഴും അവിടെത്തന്നെ കുറെ അധികം പണം കൊടുത്തുതീർക്കേണ്ടിയിരിക്കുന്നതുകൊണ്ടു് അതു കണ്ടിജൻസി ഫണ്ടിൽനിന്നും ഡൈവർട്ടു് ചെയ്തെങ്കിലും വിതരണം ചെയ്യേണ്ടതാണു്. മാത്രമല്ല, മേലിൽ ഇങ്ങനെ വരാതിരിക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യമായ നടപടികളും സ്വീകരിച്ചു ഓരോ മാസവും 15-ാംനു-ള്ളിൽ കൊടുക്കാനുള്ള തുക ഇത്രയാണെന്നു് ചെക്കു ചെയ്തു് അതിനനുസരിച്ചു തുക വിതരണം ചെയ്യണം. അതു് ചെയ്യാതിരിക്കുന്നതുകൊണ്ടാണു കഴിഞ്ഞ പത്തു മാസവും ഒരു വർഷവുമായിട്ടു് ഇങ്ങനെയുള്ള ഒരു സ്ഥിതി ഉളവായിട്ടുള്ളതു്. അതുകൊണ്ടു് അടിയന്തിരമായി ഗവണ്മെന്റു് ഇക്കാര്യത്തെപ്പറ്റി ശ്രദ്ധിക്കുകയും ആവശ്യമായ നടപടികളെടുത്തു ഈ ദുഃസ്ഥിതിയിൽനിന്നും തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും രക്ഷിക്കുകയും കോവാപ്പറേറീവു് അടിസ്ഥാനത്തിലുള്ള ഈ വ്യവസായം ജീവിപ്പിക്കുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

Shri K. A. Damodara Menon: Sir, I will give the reply, day after tomorrow.

Denial of employment to the workers of Sewage farm, Valiathurai

Mr. Speaker: A reply is due to Shri P. Balachandra Menon's Rule 61 notice from the hon. Minister for Food and Agriculture.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

സർ, 2-11-63-ൽ ലേബർ ആഫീസർ വിളിച്ചു കൂട്ടിയ ഒരു കാൺഫറൻസിൽ ഡെയിറി ഡെവലപ്പ്മെന്റു് ഡയറക്ടർ സന്നിഹിതനായില്ല, അങ്ങനെ ബുദ്ധിമുട്ടുണ്ടാക്കി. ഇങ്ങനെ ധിക്കരിച്ചു് വരാതെയിരിക്കുന്നതു ശരിയല്ല എന്നുള്ളതാണു പ്രധാനമായ ആക്ഷേപം. ഇതു ശരിയല്ല. 2-11-63-ൽ കാൺഫറൻസു വിളിച്ചുകൂട്ടി എന്നുള്ളതു ശരിയാണു്. യഥാർത്ഥത്തിൽ അന്നു ഡെയിറിഡെവലപ്പ്മെന്റു് ഡയറക്ടർ സക്കീട്ടിലായിരുന്നതുകൊണ്ടു് അസിസ്റ്റന്റു് ഡയറക്ടറെ ഈ യോഗത്തിൽ സംബന്ധിക്കുന്നതിനു ഡെപ്യൂട്ടു ചെയ്തിരുന്നു. ആ ഉദ്യോഗസ്ഥൻ സംബന്ധിക്കുകയും ചെയ്തിരുന്നു. പത്തരമണിക്കു് കാൺഫറൻസു വിളിച്ചുകൂട്ടുന്നതാണെന്നു അറിയിച്ചിരുന്നതനുസരിച്ചു പത്തരമണിക്കുതന്നെ അസിസ്റ്റന്റു് ഡയറക്ടർ അവിടെ ചെന്നു. അപ്പോഴും അവിടെ ആരും ഹാജരായിരുന്നില്ല. അവിടെ ചെന്നു് ആ ഉദ്യോഗസ്ഥൻ കുറെ സമയം വെയിറ്റു ചെയ്തിട്ടും തൊഴിലാളിപ്രതിനിധികളും വരാത്തതുകൊണ്ടു് കാൺഫറൻസു കൂടാതെ പിരിഞ്ഞു. എന്നാൽ 11-30 ആയപ്പോഴും തൊഴിലാളിപ്രതിനിധികളും കാൺഫറൻസിൽ പങ്കെടുക്കാനായിട്ടു ചെന്നു എന്നുള്ള തരത്തിൽ അവിടെ ചെന്നു. അപ്പോഴും ആ ഉദ്യോഗസ്ഥനില്ലായിരുന്നു. അങ്ങനെ യോഗം നടക്കാതെവന്നു. എപ്പോഴും ഈ യോഗത്തിനു ക്ഷണിക്കുന്നതു ഡയറക്ടറെയാണു്. പക്ഷേ, ഹെഡ്സ് ആഫ് ഡിപ്പാർട്ടുമെന്റ്സിനെ ക്ഷണിക്കുന്നുണ്ടെങ്കിലും ആ ഉദ്യോഗസ്ഥനു സംബന്ധിക്കാൻ സൗകര്യമില്ലെങ്കിൽ മറെറാരുദ്യോഗസ്ഥനെ അതിനുവേണ്ടി അധികാരപ്പെടുത്തുകയും, ആ ഉദ്യോഗസ്ഥൻ യോഗത്തിൽ സംബന്ധിക്കുകയും ചെയ്യാറുണ്ടു്. അതുപോലെ 2-11-63-ലും അസിസ്റ്റന്റു ഡയറക്ടർ സംബന്ധിച്ചതാണു്.

അങ്ങനെ സംബന്ധിച്ചില്ലെന്നു പറഞ്ഞു്, വളരെ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നുള്ള വിധത്തിൽ സംസാരിച്ചതു് ബഹുമാനപ്പെട്ട മെമ്പർ വസ്തുതകളും ശരിക്കു് ധരിക്കാത്തതുകൊണ്ടോ, അല്ലെങ്കിൽ അദ്ദേഹം തെറ്റിദ്ധരിപ്പി

LIBRARY ARCHIVES Kerala Legislative Assembly